HSE (II)

**35**

**A**

# ഹയർ സെക്കന്ററി അർധവാർഷിക പരീക്ഷ 2017 – 18
# മലയാളം ഐച്ഛികം

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**പൊതുനിർദ്ദേശങ്ങൾ**

- ഉത്തമെഴുതുന്നതിനുമുമ്പായി ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കേണ്ടതാണ്.
- അതിനായി നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനുട്ട് അധിക സമയം ഉണ്ടായിരിക്കും.
- എല്ലാ വിഭാഗത്തിലും നിർദ്ദേശിച്ചുള്ള എണ്ണം ചോദ്യങ്ങൾക്കു മാത്രമേ ഉത്തരമെഴുതേണ്ടതുള്ളു.

**(ഒന്നുമുതൽ പത്തുവരെ ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (2 x 8 - 16)**

1. 'പ്രഥമ സായാഹ്ന'ത്തിലെ സിറിയക് ആന്റണിയുടെ ആലോചനകളിൽ തെളിയുന്ന സാറയുടെ രണ്ട് സ്വഭാവ സിവശേഷതകൾ എഴുതുക.
2. "എല്ലാ വർണ്ണങ്ങളും ഇരുട്ടത്ത് സമം" എന്ന പഴഞ്ചൊല്ലിന്റെ ധ്വനിതലം വിശദീകരിക്കുക.
3. അപ്പുക്കിളി എന്ന കഥാപാത്രം രൂപം കൊണ്ടത് നോവലിസ്റ്റിന്റെ വ്യക്തിഗതമായ ചില അനുഭവങ്ങളിൽ നിന്നാണെന്ന് ഒ.വി വിജയൻ അനുസ്മരിക്കുന്നു. രണ്ട് അനുഭവം എഴുതുക.
4. 'മധുരിക്കും ഓർമ്മകളെ' എന്ന നാടകഗാനത്തെ ഹൃദ്യമാക്കുന്ന ഘടകങ്ങളിലൊന്ന് താഴെ ചേർക്കുന്നു രണ്ടെണ്ണം കൂടി കൂട്ടിച്ചേർക്കുക.




5. ഇന്ദുലേഖ എന്ന നോവലിന്റെ രണ്ട് സവിശേഷതകൾ ചുവടെ ചേർത്തവയിൽ നിന്ന് കണ്ടെത്തി എഴുതുക.
   - സാമൂഹ്യമാറ്റങ്ങളെ അവതരിപ്പിക്കുന്നു
   - മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്ന സന്ദേശം നൽകുന്നു.
   - പാരമ്പര്യത്തെ ചോദ്യം ചെയ്യുന്നു.
   - കമ്പോളവത്കരണത്തിന്റെ സാധ്യത പ്രതിഫലിപ്പിക്കുന്നു.
6. ഒരു കൂട്ടം ഉറുമ്പുകൾ എന്ന നാടകം നൽകുന്ന സന്ദേശത്തിന് സമാനമായ പഴഞ്ചൊല്ലുകൾ കണ്ടെത്തുക
   - അടിതെറ്റിയാൽ ആനയും വീഴും
   - ഐകമത്യം മഹാബലം
   - മടിയൻ മലചുമക്കും
   - ഒരു മരം കാവ് ആകില്ല

7. കവിതയെ സംബന്ധിച്ച വേഡ്സ്വർത്തിന്റെ പ്രസ്താവനകൾ എടുത്തെഴുതുക.

- ആദർശാത്മക ജീവിതാവിഷ്കാരമായിരിക്കണം
- ഗ്രാമീണരുടെ വികാരങ്ങളും വിചാരങ്ങളും കാവ്യവിഷയമാകണം
- സംസ്കൃത ചിത്തരുടെ ഭാഷയായിരിക്കണം
- കൃത്രിമത്വം വർജ്ജിക്കണം.

8. തൂലകണത്തെ തൊടില്ല നനഞ്ഞാൽ, ചൂടാൽ വരണ്ട്
ബാലരംഭയെക്കർപ്പൂരഖണ്ഡമാക്കും നീ!

അഗ്നിയെപ്പറ്റി പറയുന്ന ഈ വരികളുടെ ഔചിത്യം പരിശോധിക്കുക.

9. ദുര്യോധനന്റെ വൈരം പശ്ചാത്താപമായി പരിണമിച്ചതിന് ബലഭദ്രൻ കണ്ടെത്തുന്ന രണ്ടു ന്യായങ്ങൾ എഴുതുക.

10. ചില നിഷേധ വാക്യങ്ങൾക്ക് നിഷേധാർഥമല്ല ഉള്ളത്. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ നിഷേധാർഥം ഇല്ലാത്തതേതാണെന്ന് കണ്ടെത്തുക.

- പ്രിയസ്വാമിനിയെനോക്കി പരിചാരിക വാവിട്ടു വിളിച്ചു കരയാതിരുന്നില്ല
- ജന്തുവിന്നുൽക്രമണത്തിൽ മോദിക്കാ ഹൃദയാലുക്കൾ
- മലയാളം ആരംഭിച്ചനാൾ തൊട്ടേ ഗദ്യവും ഉണ്ടായിരുന്നു എന്നു ധരിക്കാൻ വലിയ ബുദ്ധിയൊന്നും വേണ്ട.
- ഇഷ്ടം പറയുന്ന ബന്ധുക്കളാരും കഷ്ടകാലത്തിലുണ്ടാവില്ല.

**(11 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം) (8 x 4 - 32 )**

11. പട്ടികപ്പെടുത്തുക

- ചത്തു കിടക്കുന്ന തവള
- മുളങ്കാടിന്റെ സംഗീതം
- ഈർച്ചവാളിന്റെ മൂർച്ചയുള്ള കാട്ടരുവി
- മദിച്ചു വളരുന്ന കള
- ചമ്പകം പൂത്തമണം

| | |
|---|---|
| ദൃശ്യബിംബം | • ചത്തുകിടക്കുന്ന തവള<br>• |
| ഗന്ധബിംബം | • |
| ശ്രാവ്യബിംബം | • |
| സ്പർശബിംബം | • |

12. കുന്ന്മ്മന്നുണ്ടൊരു ചൂട്ടാണുന്നു
കുഞ്ഞമ്പ്വൻ്റ്ച്ഛനോ പിന്ന്യാരാനോ?

ധ്വനിയുടെ വ്യത്യസ്തതലങ്ങളെ പ്രതിഫലിപ്പിക്കാൻ ഈ ഈരടിക്ക് സാധിക്കുന്നുണ്ടോ? വിശകലനക്കുറിപ്പ് തയാറാക്കുക.

13. • വർത്തമാനപുസ്തകം • ഹോർത്തുസ് മലബാറിക്കുസ്
• ദൂതവാക്യം • സംക്ഷേപവേദാർത്ഥം

ഇവയിൽ ഏതെങ്കിലും ഒന്നിന്റെ പ്രാധാന്യത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

14. പൂർവാശയാം മങ്കമുഖം തെളിച്ചു
പൂന്തേൻ തൊഴും പുഞ്ചിരിതൂകിടുന്നു
'പൂമങ്ക' സിംഹാസനമേറിയപ്പോൾ
പൂവേണിമാർ വഞ്ചിയിലെന്നപോലെ
കാവ്യഭാഗത്തിലെ വാച്യാർത്ഥവും ലക്ഷ്യാർത്ഥവും കണ്ടെത്തി വിശദീകരിക്കുക?

15. തന്നിലും ഒരപ്പുക്കിളിയുടെ ഭാവമുണ്ടായിരുന്നുവെന്ന ധാരണയിലേക്ക് ഒ.വി.വിജയൻ എത്തിച്ചേരുന്നതെങ്ങനെ? വിശകലനം ചെയ്യുക.

16. കാവ്യഭാഷയും വികാരവും നൈസർഗ്ഗികമാകണമെന്നാണല്ലോ വേഡ്സ്വർത്തിന്റെ അഭിപ്രായം- ഇതിനോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്? കുറിപ്പ് തയാറാക്കുക.

17. മലയാള നോവൽ പരിണാമം ഇന്ദുലേഖയിൽ നിന്ന് വൃദ്ധസദനത്തിലേക്ക് എന്ന വിഷയത്തിൽ പ്രബന്ധാവതരണം നടത്തുന്നതിന് നാല് ഉപവിഷയങ്ങൾ നിർദേശിക്കുക.

18. പാശ്ചാത്യ കലാരൂപങ്ങളുടെയും നമ്മുടെ തനതായ കലാരൂപങ്ങളുടെയും സ്വീകരണക്ഷമങ്ങളും അതിജീവന സമർഥങ്ങളുമായ ആശയങ്ങൾ ഇഴുകിച്ചേർന്ന് കേരളത്തിന്റെ സ്വത്വഗുണത്തിന് അനുയോജ്യവും ആധുനികത്വത്തിന്റെ രുചിഭേദങ്ങൾക്ക് അനുരോധവും ആയ ഒരു പുതിയ രൂപകം പിറവികൊള്ളും." – തനതുനാടകവേദിയെക്കുറിച്ചുള്ള സി.എൻ.ശ്രീകണ്ഠൻനായരുടെ ഈ നിരീക്ഷണം എത്രത്തോളം സഫലമായിട്ടുണ്ട്? വിശകലനക്കുറിപ്പ് തയാറാക്കുക.

19. "ഒരു സന്തോഷവാർത്ത വിട്ടുപോയതിൽ ക്ഷമിക്കണം. നേരത്തേ മുറി ബുക്കു ചെയ്തിട്ടിരുന്ന മറ്റേ കക്ഷി മനോരോഗാശുപത്രിയിൽ വെച്ചു മരിച്ചുപോയി. ഇനി നിങ്ങളുടെ ഈ മാന്യവൃദ്ധന് ജീവിതകാലം മുഴുവൻ ആ മുറിയിൽ കൂടാം. നിങ്ങൾക്ക് സമാധാനത്തോടെ പോകാം" – ഒരുവന്റെ മരണം സന്തോഷവാർത്തയായി നല്കുന്നതിലൂടെ ഇർവാദീസ് നല്കുന്ന സന്ദേശം എന്ത്? പ്രതികരണക്കുറിപ്പ് തയാറാക്കുക?

**(20 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം) (4 x 6 = 24 )**

20. "മനസ്സിന്റെ ഒരരുകിൽ ഒന്നു തൊട്ടാൽ അതിന്റെ മറുവശങ്ങളിലേക്കു കൂടി ഓളം വീശുന്ന ധ്വനന വ്യാപാരം ലോകകാവ്യസാധാരണമാണ്"

(കുട്ടികൃഷ്ണമാരാര്)

ആടിയാടിനിന്നതും ഞാൻ
അഴകനെപെറ്റതും ഞാൻ
അഴകനിന്നറയിലും പുരയിലും
ഞാനിന്ന്പുറത്തും ചെളിയിലും (ഉത്തരം. വൈക്കോൽ)

കുട്ടികൃഷ്ണമാരാരുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കടങ്കഥയിലെ ധ്വനിസാധ്യതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

21. നഷ്ടസൗഭാഗ്യങ്ങൾ തിരിച്ചു പിടിക്കാനുള്ള വ്യഗ്രതയും തനിമ നിലനിർത്താനുള്ള പോരാട്ടവീര്യവും കുങ്കനിൽ പ്രതിഫലിക്കുന്നുണ്ടോ? കുങ്കൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക?

22. കച്ചവട താത്പര്യങ്ങളെ കൂടാതെ മറ്റെന്തെല്ലാം ഘടകങ്ങളാണ് വൃദ്ധസദനങ്ങളുടെ എണ്ണം പെരുകാൻ കാരണമായിട്ടുള്ളത്? വിശദമാക്കുക.

23. ഒ.വി.വിജയൻ തന്റെ ജീവിതത്തിൽ പരിചയപ്പെട്ട വിവിധ വ്യക്തികളുടെ ഏതേതെല്ലാം അംശങ്ങൾ യോജിപ്പിച്ചാണ് അപ്പുക്കിളി എന്ന കഥാപാത്രത്തെ രൂപപ്പെടുത്തിയത്? വിശദമാക്കുക.

24. • ഭാഷയുടെയും വികാരത്തിന്റെയും നൈസർഗികത്വത്തിലാണ് ശ്രദ്ധ വെയ്ക്കേണ്ടത്.
- ഗ്രാമീണജീവിതവും അനുഭവവുമാണ് കാവ്യവിഷയമാക്കേണ്ടത് (വേഡ്സ്‌വർത്ത്)

• കവിത ആദർശാത്മക ജീവിതാവിഷ്കാരമായിരിക്കണം
ഗ്രാമീണമായതുകൊണ്ട് ആദർശാത്മകമാവണമെന്നില്ല (കോള്‍റിഡ്ജ്)

കവിതയെ സംബന്ധിച്ച ഈ വാദഗതികളിൽ ഏതിനോടാണ് നിങ്ങൾ യോജിക്കുന്നത്? പ്രതികരണം എഴുതുക.

25. തത്വചിന്തയും പ്രഭാതത്തിന്റെ മനോഹാരിതയും 'വിഭാതവിഭൂതിയിൽ' എങ്ങനെയെല്ലാം ഇഴചേർന്നു നില്ക്കുന്നു വിശകലനം ചെയ്യുക?

**(തന്നിരിക്കുന്ന ഗദ്യഭാഗത്തിന്റെ അടിസ്ഥാനത്തിൽ 26 മുതൽ 28 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)**

## നമുക്കു ചുറ്റും

അന്തിമമായ തീരുമാനങ്ങളോ, തീർപ്പുകളോ അല്ല ടെലിവിഷനു പഥ്യം. മറിച്ച് നിരന്തരമായ ഒഴുക്കാണ്. ഒരു പ്രശ്നത്തിൽ നിന്നും മറ്റൊന്നിലേക്കും ഒരു വിവാദത്തിൽ നിന്ന് മറ്റൊന്നിലേക്കും സഞ്ചരിച്ചുകൊണ്ടേയിരിക്കുക എന്നതാണ് അതിന്റെ രീതി. അതുകൊണ്ട് തന്നെ അതിന് നാളേക്കായി ഒന്നും കരുതി വെക്കേണ്ടതില്ല. ഓർമകൾ, ചരിത്രം തുടങ്ങിയ നീക്കിയിരിപ്പുകളിൽ അതിനു താല്പര്യമില്ല. അന്നന്നത്തെ അന്നം അന്നന്ന് കണ്ടെത്തുന്ന ഒരു രീതിയാണ് ടെലിവിഷന്റേത്. അവിടെ ഇന്നത്തെ ഇര നാളത്തെ വേട്ടക്കാരനാകാം, മറിച്ചും. ഇന്ന് അപമാനവും അപവാദവും ഏറ്റ് പിടയുന്ന – തകർന്നു തരിപ്പണമായി എന്നു നമ്മൾ കരുതുന്ന ഒരാൾ നാളെ ഇതേ ആയുധങ്ങൾ അയാളുടെ ശത്രുക്കൾക്കു നേരെ പ്രയോഗിക്കുന്നത് കാണാം. എന്തെന്നാൽ ഇവിടെ നിതാന്തമായ ശത്രുതയോ മിത്രതയോ ഇല്ല. ഓരോ സമയത്തുമെടുക്കുന്ന നിലപാടുകളേയുള്ളു. അതും സാഹചര്യത്തിനനുസരിച്ച് മാറ്റാവുന്നതാണ്. അതുകൊണ്ടുതന്നെ ടെലിവിഷനിൽ അവതരിപ്പിക്കപ്പെടുന്ന ഓരോ പ്രശ്നത്തെയും വിഷയത്തെയും കുറിച്ച് അതിൽ പങ്കെടുക്കുന്നവർ ഓരോ സന്ദർഭത്തിലും 'എടുക്കുന്ന' നിലപാടുകളെ കുറിച്ചും അതിലുള്ള അസംബന്ധത്തെയും അനീതിയെയും കുറിച്ചും ധാർമ്മികരോഷം കൊള്ളുന്നത് ടെലിവിഷന്റെ യുക്തിക്ക് നിരക്കുന്നതല്ല. അച്ചടിസംസ്കാരത്തിന്റേതായ നൈരന്തര്യത്തിന്റെയും സ്ഥിരതയുടെയും യുക്തിക്ക് ഇവിടെ വലിയ വിനിമയ മൂല്യമില്ല. എഡിറ്റോറിയൽ ഇല്ലാത്ത പത്രമാണ് ടെലിവിഷൻ. അതിൽ എല്ലാം തത്സമയം ലോകത്തു നിന്ന് ഒഴുകിവരുന്നു.

*(ടെലിവിഷൻ പഠനങ്ങൾ - സി.എസ്. വെങ്കിടേശ്വരൻ)*

26. ദൃശ്യമാധ്യമങ്ങളിലെ തത്സമയ വാർത്താവിശകലനരീതി വിലയിരുത്തുക. (3)

27. സാഹചര്യത്തിനനുസരിച്ച് നിലപാട് മാറ്റുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന ടെലിവിഷന്റെ ശൈലിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക? (2)

28. അച്ചടിമാധ്യമങ്ങൾ ഓർമ്മ, ചരിത്രം എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ഇവയെല്ലാം തിരസ്കരിക്കുന്ന ടെലിവിഷന്റെ നയം ഗുണപരമായ സാമൂഹികമാറ്റമാണോ? വിശദമാക്കുക. (3)

---

HSE (II)

# ഹയർ സെക്കന്ററി രണ്ടാം വർഷ മൂല്യനിർണയം - 2017

**മലയാളം ഐച്ഛികം** **സമയം: 2½ മണിക്കൂർ**

**സ്കോർ: 80**

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശം | ആകെ |
|---|---|---|---|
| 1. | സ്വഭാവസവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് | 2 | 2 |
| 2. | ധ്വനിതലം കണ്ടെത്തൽ<br>വിശദീകരണം | 1<br>2 | 2 |
| 3. | രണ്ട് അനുഭവങ്ങൾ സൂചനയായി എഴുതിയിട്ടുണ്ട് | 2 | 2 |
| 4. | രണ്ട് സവിശേഷതകൾ എഴുതിയിട്ടുണ്ട് | 2 | 2 |
| 5. | രണ്ട് സവിശേഷതകൾ എഴുതിയിട്ടുണ്ട് | 2 | 2 |
| 6. | രണ്ട് പഴഞ്ചൊല്ലുകൾ എഴുതിയിട്ടുണ്ട് | 2 | 2 |
| 7. | പ്രസ്താവനകൾ എഴുതിയിട്ടുണ്ട് | 2 | 2 |
| 8. | ഔചിത്യം കണ്ടെത്തിയിട്ടുണ്ട്. | 2 | 2 |
| 9. | രണ്ട് ന്യായങ്ങൾ കണ്ടെത്തിയിട്ടുണ്ട് | 2 | 2 |
| 10 | നിഷേധാർഥം ഇല്ലാത്തവ എഴുതിയിട്ടുണ്ട് | 2 | 2 |
| 11 | ശരിയായി പട്ടികപ്പെടുത്തിയിട്ടുണ്ട് | 4 | 4 |
| 12 | വസ്തുധ്വനി ഭാവധ്വനിതിരിച്ചറിഞ്ഞിട്ടുണ്ട്.<br>വിശദീകരിച്ചിട്ടുണ്ട്. | 2<br>2 | 4 |
| 13 | പ്രാചീനഗദ്യകൃതികളുടെ പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്<br>പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട് | 2<br>2 | 4 |
| 14 | വാച്യാർത്ഥവും ലക്ഷ്യാർത്ഥവും തിരിച്ചറിഞ്ഞിട്ടുണ്ട്<br>ആശയഭംഗി എഴുതിയിട്ടുണ്ട് | 2<br>2 | 4 |
| 15 | അംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്<br>വിശകലനം ചെയ്തിട്ടുണ്ട് | 2<br>2 | 4 |
| 16 | ആശയം ഉൾക്കൊണ്ടിട്ടുണ്ട്<br>അഭിപ്രായം എഴുതിയിട്ടുണ്ട് | 2<br>2 | 4 |
| 17 | ആശയം ഉൾക്കൊണ്ടിട്ടുണ്ട്<br>അനുയോജ്യമായ ഉപവിഷയങ്ങൾ എഴുതിയിട്ടുണ്ട് | 2<br>2 | 4 |
| 18 | തനത് നാടകവേദിയെക്കുറിച്ച് ആശയം ഉൾക്കൊണ്ടിട്ടുണ്ട്.<br>വിശകലനം ചെയ്തിട്ടുണ്ട്. | 2<br>2 | 4 |
| 19 | ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>വിശകലനം ചെയ്തിട്ടുണ്ട്. | 2<br>2 | 4 |

| | | | |
|---|---|---|---|
| 20 | ധ്വനിയെക്കുറിച്ച് മനസിലാക്കിട്ടുണ്ട്.<br>വിശകലനം ചെയ്തിട്ടുണ്ട്.<br>ആശയംഭംഗി അവതരിപ്പിച്ചിട്ടുണ്ട്. | 2<br>2<br>2 | 6 |
| 21 | കഥാപാത്രത്തിന്റെ സ്വഭാവസവിശേഷത ഉൾക്കൊണ്ടിട്ടുണ്ട്.<br>നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.<br>ഉചിതമായ ഭാഷ, ആവിഷ്കാരം | 2<br>2<br>2 | 6 |
| 22 | പാഠഭാഗത്തിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്.<br>സാമൂഹികസാഹചര്യങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സ്വാഭിപ്രായം വികസിപ്പിച്ചിട്ടുണ്ട്. | 2<br>2<br>2 | 6 |
| 23 | കഥാപാത്രത്തിന്റെ സവിശേഷത കണ്ടെത്തിയിട്ടുണ്ട്.<br>അംശങ്ങൾ മനസിലാക്കിയിട്ടുണ്ട്.<br>വിശദമാക്കിയിട്ടുണ്ട്. | 2<br>2<br>2 | 6 |
| 24 | വാദഗതികൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സ്വാഭിപ്രായം അവതരിപ്പിച്ചിട്ടുണ്ട്.<br>ഉചിതമായി ആവിഷ്കരിച്ചിട്ടുണ്ട്. | 2<br>2<br>2 | 6 |
| 25 | തത്ത്വചിന്തകൾ മനസ്സിലാക്കിയിട്ടുണ്ട്.<br>പ്രഭാതത്തിന്റെ മനോഹാരിത തിരിച്ചറിഞ്ഞിട്ടുണ്ട്.<br>വിശകലനം ചെയ്തിട്ടുണ്ട്. | 2<br>2<br>2 | 6 |
| 26 | 1 ഉചിതമായ ഉത്തരം കണ്ടെത്തിയിട്ടുണ്ട്.<br>2 ഉചിതമായ ഉത്തരം കണ്ടെത്തിയിട്ടുണ്ട്.<br>3. ഉചിതമായ ഉത്തരം കണ്ടെത്തിയിട്ടുണ്ട്. | 3<br>2<br>3 | 6 |